# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *326** , **24.02.2016- ലെ മറുപടിക്ക്**

## സംസ്ഥാന ഇന്നൊവേഷൻ കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ പുനഃസംഘടന ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ കാലാവധി ഓഗസ്റ്റ് 2017 വരെയുണ്ട്. |
| (ബി) കൗൺസിലിന്റെ ഇതുവരെയുള്ള പ്രവർത്തനഫലമായുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) (1)പഠനകാലത്തുതന്നെ സംരഭകത്വം പ്രോൽത്സാഹിപ്പിക്കുന്നതിനായി ഇന്നോവേഷൻ കൗൺസിലിന്റെ കരടുരേഖ പ്രകാരം ഒരു സ്റ്റാർട്ട്-അപ് നയം എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വലാശാല സ്വീകരിച്ചു. സംസ്ഥാനത്ത് മറ്റ് സർവ്വകലാശാലകളിലും ഈ നയം വ്യാപിപ്പിക്കുവാൻ കൗൺസിൽ നടപടി സ്വീകരിച്ചുവരുന്നു.<br><br>(2)സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പ്രാദേശിക പ്രശ്നങ്ങൾക്ക് നൂതന പരിഹാരങ്ങൾ കണ്ടെത്തുന്നതിനും, നൂതന ആശയങ്ങളുടെ പ്രോൽസാഹനത്തിനും, സമാഹരണ-ത്തിനുമായി, ജില്ലാ കളക്ടർമാർ നേതൃത്വം നൽകുന്ന ജില്ലാ ഇന്നൊവേഷൻ കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിക്കുന്നു.<br><br>(3)വിദ്യാർത്ഥികളുടെ ക്രിയാത്മകശേഷികളെ പരിപോഷിപ്പിക്കാനായി ഓരോ ജില്ലയിലും |

സ്കൂൾ/കോളേജ് തലത്തിൽ ഇതുവരെ 668 ഇന്നൊവേഷൻ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(4)പേറ്റന്റ് ലഭിച്ചവർക്കും, പേറ്റന്റിനായി രജിസ്റ്റർ രജിസ്റ്റർ ചെയ്തവർക്കും, പേറ്റന്റുകൾ വാണിജ്യവത്കരണം സാദ്ധ്യമാക്കുന്നതിനായി മാർഗ്ഗനിർദ്ദേശ- ങ്ങൾ, സർക്കാർ/ബാങ്ക്/സംരഭതലങ്ങളിൽ ലഭിക്കാവുന്ന സഹായങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ പങ്കുവയ്ക്കുക, ഇതിനാവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഇന്നൊവേഷൻ മീറ്റ് 2015-16 സംഘടിപ്പിച്ചു.

(5)വിദ്യാർത്ഥികളുടെയും സാധാരണ ജനങ്ങളുടെയും പുതിയ ആശയങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും, അവരുടെ കണ്ടുപിടുത്തങ്ങൾക്ക് ശാസ്ത്രീയമായ സ്ഥിരീകരണം ഉറപ്പുവരുത്താനും, സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളിലെയും,സർവ്വകലാശാലകളിലേയും ഗവേഷണ സ്ഥാപനങ്ങളിലെയും, സർവ്വകലാശാലകളിലെയും ലബോറട്ടറി സംവിധാനങ്ങൾ ലൈബ്രറികൾ എന്നിവ തുറന്നു കൊടുക്കുന്നതിന് ഉതകും വിധം ഒരു നയ രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(6)തെങ്ങിൽ നിന്നും നീര ഉല്പാദിപ്പിക്കുന്ന തിനുള്ള പദ്ധതിക്ക് 2015-16, 2016-17 ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയത് കൗൺസിലിന്റെ പ്രവർത്തനഫലമായാണ്.

| | |
|---|---|
| (സി) കൗൺസിലിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ ആവശ്യമായ വിദഗ്ദ്ധരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ